## പതിനാലാം കേരള നിയമ സഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4214** **17- 05-2017-ൽ മറുപടിക്ക്.**

**ഡിജിറ്റൽ ഇന്ത്യ പബ്ലിക് ഇന്റർനെറ്റ് അക്സസ്സ് പ്രോഗ്രാം**

ചോദ്യം
ശ്രീ. കെ. കൃഷ്ണൻകുട്ടി

മറുപടി
ശ്രീ. പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിജിറ്റൽ ഇന്ത്യ പബ്ലിക് ഇന്റർനെറ്റ് അക്സസ്സ് പ്രോഗ്രാമിന്റെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ: | (എ) | ഈ പദ്ധതി പ്രകാരം സിറ്റിസൺ കോമൺ സർവീസ് സെന്ററുകൾ വഴിയും പോസ്റ്റ് ഓഫീസ് വഴിയും ജനങ്ങൾക്ക് ഇ-സേവനങ്ങൾ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ പദ്ധതി വഴി തുകയൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കയാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; ഈ വർഷം എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാന ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ), പബ്ലിക് വൈ ഫൈ എന്നീ പദ്ധതികളാണ് ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്നത്.<br><br>കേരള സംസ്ഥാന ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ 1028 കോടി രൂപ സംസ്ഥാന വിഹിതമാണ്. കിഫ്ബി വഴിയാണ് തുക സമാഹരിക്കുന്നത്. ഈ പദ്ധതിയുടെ കൺസൽട്ടൻസി ചാർജായ 46.65 ലക്ഷം രൂപയിൽ 4.68 ലക്ഷം നൽകിയിട്ടുണ്ട്.<br><br>പബ്ലിക് വൈ ഫൈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ 25 കോടി (1000 വൈ ഫൈ ഹോട്ട് സ്പോട്ട്) രൂപ സംസ്ഥാന വിഹിതമാണ്. പദ്ധതി നടപ്പിലാക്കുന്നതിന് ഓപ്പറേറ്ററെ കണ്ടെത്തുവാൻ വേണ്ടി ഐ ടി മിഷൻ Expression of Interest (EOI) 21.04.2017 ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഈ വർഷം തുക ഒന്നും വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ